LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള 10 വർഷംകൊണ്ട് ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറയ്ക്കുന്നതിന് അനവധി പദ്ധതികൾ സ്വീകരിച്ചുവെങ്കിലും മദ്യം കേരളത്തിന്റെ സാമൂഹ്യ വിപത്തായി തുടരുകയാണ് എന്ന് ബോധ്യപ്പെടുകയുണ്ടായി. ഇതിനെ തുടർന്നാണ് മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ "മദ്യരഹിത കേരളം" എന്ന മഹത്തായ ലക്ഷ്യം സർക്കാർ വിഭാവനം ചെയ്യുന്നത്.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വ്യക്തമായ കാഴ്ചപ്പാടുള്ളതും ഉറച്ചതും സുതാര്യവുമായ ഒരു മദ്യനയം തന്നെയാണ് സർക്കാർ നടപ്പിലാക്കി വരുന്നത്.

ബാർ ലൈസൻസ്

70 (1774) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത ബാറുകളിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ)ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 64 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത ബാറുകളിൽ 8 ബാറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. റാവിസ് ഹോട്ടൽ, തേവള്ളി, കൊല്ലം
2. വിവാന്ത ബൈതാജ്, ബേക്കൽ, കാസർഗോഡ്
3. ഹോളിഡേ ഇൻ, വെണ്ണല, കൊച്ചി
4. ഹോട്ടൽ എയർലിങ്ക് കാസിൽ, അത്താണി, അങ്കമാലി
5. ഹോട്ടൽ ലേക്ക് പാലസ്, കഠിനംകുളം, തിരുവനന്തപുരം
6. വസുന്ധര സരോവർ പ്രീമിയർ റിസോർട്ട് (വാസു കൊക്കോ റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ്), വയലാർ, ആലപ്പുഴ
7. ക്രൗൺ പ്ലാസ, കൗണ്ടന്നൂർ, മരട്, കൊച്ചി
8. ഹോട്ടൽ ഡയാന ഹൈറ്റ്സ്, അത്താണി, ആലുവ.

ബിയർ/വൈൻ പാർലർ ലൈസൻസുകൾ

71 (1775) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ സർക്കാർ ഓരോ വർഷവും നൽകിയ ബിയർ/വൈൻ പാർലർ ലൈസൻസുകൾ എത്ര എന്ന വ്യക്തമാക്കാമോ ;

(ബി) നിലവിൽ ബിയർ/വൈൻ പാർലർ ലൈസൻസുകൾ ഉള്ളവ എത്ര ;

(സി) ബാർ ലൈസൻസ് പുതുക്കി നല്കാതിരുന്ന എത്ര ഹോട്ടലുകൾക്ക് ബിയർ/വൈൻ പാർലർ ലൈസൻസ് നൽകിയിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ)	2011 - 12	4
	2012 - 13	14
	2013 - 14	32
	2014 - 15	402
	2015 - 16	299

ആകെ ,751 ബിയർ/വൈൻ പാർലർ ലൈസൻസുകൾ നൽകിയിട്ടുണ്ട്. ഇതിൽ 2014-15-ൽ 380-ഉം 2015-16-ൽ 294-ഉം ലൈസൻസുകൾ അടച്ചുപൂട്ടിയ ബാർ ലൈസൻസികളുടെ തുടർച്ചയായി നൽകിയതാണ്.

LIBRARY ARCHIVES Kerala Legislative Assembly